**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3682** **12-03-2025 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഇരിക്കൂർ മണ്ഡലത്തിലൂടെ നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഇരിക്കൂർ മണ്ഡലത്തിലെ നിർത്തലാക്കിയ സർവ്വീസുകൾ ചുവടെ ചേർക്കുന്നു:<br><br>1. റാന്നി - കുടിയാൻമല<br>2. നെടുങ്കണ്ടം - പാലക്കയംതട്ട്<br>3. പുനലൂർ - കുടിയാൻമല<br>4. ചെങ്ങന്നൂർ - പൈതൽമല<br>5. പത്തനാപുരം - ചന്ദനക്കാംപാറ<br>6. പാലാ - കൊന്നക്കാട്<br>7. കുമളി - പെർള<br>8. പൊൻകുന്നം - പാണത്തൂർ<br>9. പെരിക്കല്ലൂർ - പയ്യന്നൂർ<br>10. മാനന്തവാടി - കോട്ടയം<br>11. തലശ്ശേരി - കുടിയാൻമല - മംഗലാപുരം<br>12. പയ്യന്നൂർ - തേർത്തല്ലി<br><br>ഡീസലിന്റെയും സ്പെയർപാർട്സിന്റെയും ചെലവുകൾ പോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച്, ജനകീയ പ്രതിബദ്ധതയുള്ള സർവ്വീസുകളും ട്രിപ്പുകളും നിലനിർത്തി (സ്കൂൾ ട്രിപ്പുകൾ, തോട്ടം മേഖലകൾ, ആദിവാസി മേഖലകൾ, ഒറ്റപ്പെട്ട സർവ്വീസുകൾ നടക്കുന്ന മേഖലകൾ എന്നിവ) മറ്റ് ട്രിപ്പുകൾ കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ സ്റ്റേ സർവ്വീസ് ആയി ക്രമീകരിക്കുകയോ ചെയ്യുകയും ചെയ്ത് ചെലവ് ചുരുക്കുകയും ചെയ്തിട്ടുണ്ട്. ദീർഘദൂര ബസ്സുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കുവാനായി അവയെ യാത്രാക്കാർ ലഭ്യമാകുന്ന ഏറ്റവും അടുത്ത പ്രധാന യൂണിറ്റ് വരെയോ, സ്ഥലം വരെയോ ആയി മാറ്റി |

| | | | |
|---|---|---|---|
| | | | പുനഃക്രമീകരിക്കുകയും ആവശ്യമായ കണക്ഷൻ സർവ്വീസ് നൽകുകയും ചെയ്ത് പുനഃക്രമീകരിക്കുകയും ഉണ്ടായിട്ടുണ്ട്. |
| (ബി) | മലയോര മേഖലയിൽ സർവ്വീസ് നടത്തിയിരുന്ന പ്രസ്തുത ഹ്രസ്വ - ദീർഘദൂര സർവ്വീസുകൾ നിർത്തലാക്കിയതുമൂലം യാത്രക്കാർക്കുണ്ടായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുമ്പോൾ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാതെയും യാത്രാ സൗകര്യം ഇല്ലാത്ത സ്ഥലത്തും സമയത്തും കണക്ഷൻ സർവ്വീസുകൾ നൽകിയും മറ്റ് സർവ്വീസ് ക്രമീകരിച്ചും കാര്യമായ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാതെ സർവ്വീസുകൾ ക്രമീകരിച്ചിട്ടുണ്ട്. |
| (സി) | പൊതുഗതാഗത സൗകര്യം തീരെയില്ലാത്ത ഗ്രാമീണ മേഖലയിൽ പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാനും അവർക്ക് യാത്രാസൗകര്യം ഒരുക്കാനും വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (സി) | പൊതുഗതാഗത സൗകര്യം ഇല്ലാത്ത ഗ്രാമീണ മേഖലയിലും ഒറ്റപ്പെട്ട മേഖലകളിലും സാമൂഹിക പ്രതിബദ്ധതയിൽ സർവ്വീസ് നടത്തുന്ന മേഖലകളിലും ഇത്തരത്തിൽ സർവ്വീസുകൾ നിർത്തലാക്കിയിട്ടില്ല. എങ്കിലും ദീർഘദൂര സർവ്വീസുകൾ നിർത്തലാക്കുന്നതു കാരണം യാത്രാക്ലേശം ഉണ്ടാകാതിരിക്കുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ മാത്രം ബദൽ കണക്ഷൻ ട്രിപ്പുകൾ നൽകി ക്രമീകരിക്കുകയുണ്ടായി.<br><br>ആയതിൻ പ്രകാരം<br><br>05.10 കണ്ണൂർ - കുടിയാൻമല<br><br>04.10 കണ്ണൂർ - കുടിയാൻമല<br><br>19.45 മാനന്തവാടി - കാസർഗോഡ്<br><br>തുടങ്ങിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ